# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4751 22.03.2018-ൽ മറുപടിക്ക്**

**കൈത്തറി സ്കൂൾ യൂണിഫോം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സ്കൂൾ യൂണിഫോം കൈത്തറി ഉത്പന്നമാക്കുന്നതിന് വ്യവസായ വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കൈത്തറിയിൽ നെയ്തെടുത്ത തുണി സൗജന്യ സ്കൂൾ യൂണിഫോമായി നൽകുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന വിദ്യാഭ്യാസവകുപ്പിനെയും കൈത്തറി വസ്ത്ര ഡയറക്ടറേറ്റിനേയും ചുമതലപ്പെടുത്തുകയുണ്ടായി. വിദ്യാഭ്യാസവകുപ്പിൽ നിന്നുള്ള നിർദ്ദേശ പ്രകാരമാണ് യൂണിഫോമിനായുള്ള നിറവും തുണിയുടെ അളവും, സ്കൂളുകളുടെയും കുട്ടികളുടെയും എണ്ണവും ലഭ്യമാക്കുന്നത്. പ്രസ്തുത പദ്ധതിക്കായി വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഫണ്ട് അനുവദിച്ച് തരുന്നു. |
| (ബി) പദ്ധതിയുടെ വിജയത്തിനായി കൂടുതൽ കൈത്തറികൾ ഒരുക്കുന്നതിന് ആലോചിക്കുന്നുണ്ടോ; മറ്റെന്തെല്ലാം സഹായമാണ് ഈ രംഗത്തെ തൊഴിലാളികൾക്കായി നൽകുന്നതിന് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ? | (ബി) ഉണ്ട്. സംസ്ഥാനസർക്കാരിന്റെ അഭിമാന പദ്ധതിയായ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത് മൂലം കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് സമ്മാനിച്ചു. കൂടുതൽ നെയ്ത്തുകാരെ ഉൾപ്പെടുത്തുവാനും ഈ മേഖലയിൽ നിന്നും കൊഴിഞ്ഞ് പോയവരെ തിരികെ കൊണ്ടുവരുവാനും ഈ പദ്ധതി മൂലം സാധിച്ചു. നൂലും കൂലിയും സർക്കാർ നൽകിവരുന്ന ഈ പദ്ധതി തുടങ്ങിയപ്പോൾ ഏകദേശം 200 നെയ്ത്തുകാർ ഇതിൽ പങ്കാളികളായിരുന്നു. എന്നാൽ ഇന്ന് ഏകദേശം 3800 ൽ അധികം നെയ്ത്തു തൊഴിലാളികളും |

അതിൽ ഇരട്ടിയോളം അനുബന്ധതൊഴിലാളികളും ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. കൂടാതെ 18 നും 40 നും വയസ്സിനിടയിലുള്ള യുവാക്കളായ പുതിയ നെയ്ത്തുകാരെയും ജയിലുകളിൽ കഴിയുന്ന തടവുകാരെക്കൂടി നെയ്ത്തു പരിശീലനം നൽകി ഈ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അതിന്റെ പ്രാരംഭ നടപടികൾക്കായി ഹാൻവീവിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത തറികൾ അറ്റകുറ്റപണികൾ നടത്തി ഈ പദ്ധതിയുടെ ഭാഗമാക്കുന്നുണ്ട്. നെയ്ത്തുതൊഴിൽ അറിയുന്നവരും വീട്ടിൽ തറിയില്ലാത്തവരുമായ നെയ്ത്തുകാർക്ക് "വീട്ടിലൊരു തറി" പദ്ധതി പ്രകാരം തറികൾ നൽകുന്ന പദ്ധതിയും നടപ്പിലാക്കുകയാണ്. പദ്ധതിയിൽ ഭാഗമായിരിക്കുന്ന നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും കൂടുതൽ വേതനവും ലഭ്യമാക്കുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് രീതിയിൽ ഒരു ആഴ്ച 1000/- രൂപയും ഒരു മാസം പരമാവധി 4000/- രൂപയും കൂടുതൽ ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ